പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 390 — 11.12.2012-ൽ മറുപടിയ്ക്ക്

## ലോഡ് ഷെഡ്ഡിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. മാത്യു. റ്റി. തോമസ് :<br>ശ്രീ. സി. കെ. നാണു : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്നു മുതലാണ് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയതെന്നും ഇത് എന്നുവരെ തുടരുമെന്നും വ്യക്തമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം 02.04.2012 മുതൽ 22.05.2012 വരെ (വൈകുന്നേരം 6.30 മണിമുതൽ 10.30 വരെ) ½ മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു. 27.09.2012 മുതൽ വൈകുന്നേരം 6.30 മുതൽ 10.30 വരെയും രാവിലെ 6.00 മണിമുതൽ 9.00 മണിവരെയും ½ മണിക്കൂർ വീതം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സൂര്യാസ്തമനം നേരത്തേ ആയതിനാൽ വൈകുന്നേരമുള്ള ലോഡ് ഷെഡ്ഡിംഗ് 03.12.2012 മുതൽ 6 മണിമുതൽ 10 മണി വരെയായി പുന :ക്രമീകരിച്ചിട്ടുണ്ട്.

ഇപ്പോൾ അനുഭവപ്പെടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക കാരണം, മൺസൂൺ മഴയുടെ ദൗർലഭ്യം മൂലം ജലവൈദ്യുതോൽപ്പാദനത്തിലുണ്ടായ ഗണ്യമായ കുറവാണ്. അതുകൊണ്ട് അടുത്ത കാലവർഷാരംഭം വരെ ലോഡ് ഷെഡ്ഡിംഗ് തുടരേണ്ടി വരുമെന്നാണ് കരുതുന്നത്.

(ബി) ലോഡ് ഷെഡിംഗിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ലോഡ് ഷെഡ്ഡിംഗിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ താഴെ പറയുന്നവയാണ്.

i. മൺസൂൺ മഴയുടെ അപര്യാപ്തതമൂലം, ജലവൈദ്യുതോൽപാദനത്തിൽ ഉണ്ടായ കുറവ്

ii. ഇന്ധന വില വർദ്ധനവ് മൂലം, ദ്രവ ഇന്ധന വൈദ്യുതി നിലയങ്ങളായ ആർ.ജി.സി.സി.പി.പി, കായംകുളം, കെ.ഡി.പി.പി, ബി.ഡി.പി.പി. ബി.എസ്.ഇ.എസ് എന്നിവയിൽ നിന്ന്

ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയിലുണ്ടായ വർദ്ധനവ്.

iii. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മുഴുവനും അനുഭവപ്പെടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി.

iv. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവ്.

v. കൂടംകുളം ആണവനിലയം കമ്മീഷൻ ചെയ്യാത്തതുമൂലം വൈദ്യുതി ലഭ്യതയിലുണ്ടായ കുറവ്.

vi. മറ്റു സംസ്ഥാനങ്ങളിൽ നിന്നും, വൈദ്യുതി വ്യാപാരികൾ മുഖേന ദക്ഷിണേന്ത്യയിലേയ്ക്ക്, വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ലൈനുകളുടെ ലഭ്യതയില്ലായ്മ.

(സി) കെടുകാര്യസ്ഥതയാണ് ലോഡ് ഷെഡിംഗിലേക്ക് നയിച്ചതെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.